**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണമേഖലയുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>(1) **സമഗ്ര സഹകരണ നിയമ പരിഷ്കരണം**<br><br>സഹകരണ മേഖലയുടെ വികാസ പരിണാമം കണക്കിലെടുത്ത് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക, സംഘങ്ങളുടെ നിക്ഷേപം ഫലപ്രദമായി വിനിയോഗിച്ച് സഹകരണ മേഖലയുടെയും സംസ്ഥാനത്തിന്റെയും സുസ്ഥിര വികസനം ഉറപ്പു വരുത്തുക, ആഡിറ്റ് നവീകരിക്കുക, സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടു വരിക, ദുർബലമായ സംഘങ്ങളെ ശാസ്ത്രീയമായ രീതിയിൽ നവീകരിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള സമഗ്ര സഹകരണ നിയമ ഭേദഗതി തയ്യാറാക്കി.<br><br>(2) **കേരള സഹകരണ സംഘം (നിക്ഷേപ പ്രോത്സാഹന) പുനരുദ്ധാരണ നിധി പദ്ധതി**<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, സംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുക, പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുക എന്നീ ലക്ഷ്യം നേടുന്നതിനാണ് പദ്ധതി. സഹകരണ സംഘങ്ങളുടെ ലാഭ വിഹിതത്തിൽ നിന്ന് റിസർവ്വ് ഫണ്ട്, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് എന്നിവയിൽ നിന്നും സഹായമായി അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് നിധി രൂപീകരിക്കുക. |

(3) **<u>കേരള ബാങ്കിന്റെ ഐ.ടി ഇന്റഗ്രേഷൻ</u>**

സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിങ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു. ഇൻഫോസിസിന്റെ ബാങ്കിങ് സോഫ്റ്റ്‌വെയറായ "ഫിനക്കിളിന്റെ" ഏറ്റവും ആധുനിക വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്കാണ് കേരള ബാങ്ക്.

കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും RBI License ഉം പുതിയ IFSC CODE ഉം ലഭിച്ച കഴിഞ്ഞു. പഴയ കോട്ടയം DCB യുടെയും KSEB യുടെയും ശാഖകളെ പുതിയ CBS ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.

പുതിയ ഏകീകൃത സംവിധാനത്തിൽ RTGS/NEFTസൗകര്യങ്ങൾക്ക് ഉപരിയായി UPI, DBT, Aadhaar payment, e-commerce, e-ticketing തുടങ്ങിയ ആധുനിക ബാങ്കിങ് സേവനങ്ങൾ ഗ്രാമീണ മേഖലയിലെ സാധാരണക്കാരിൽ സാധാരണക്കാരായ ഇടപാടുകാർ ഉൾപ്പെടെ എല്ലാ ഇടപാടുകാർക്കും കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതാണ്.

**(4) <u>BDPI Cell</u>**

കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും നിക്ഷേപ വായ്പാ പദ്ധതികളുടെ വൈവിദ്ധ്യവൽകരണത്തിനും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി 80 ലക്ഷം രൂപയുടെ നബാർഡ് ധനസഹായത്തോടെ ബിസിനസ്സ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്ട് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനം ആരംഭിച്ചു.

(5) **<u>നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(എ), 74(എഫ്) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ നിലവിൽ കുടിശ്ശികയായ ലോണുകൾ മുതലും പലിശയുടെ 50% അടച്ച് ലോൺ ക്രമീകരിക്കാവുന്നതും ഇതിലൂടെ കുടിശ്ശിക ലോണുകൾ അടച്ച് തീർക്കുന്നത് സഹകാരികൾക്ക് അവസരം കൈവരുന്നു.

**(6) <u>നിക്ഷേപ ഗ്യാരണ്ടി ഫണ്ട് തുക ഉയർത്തുന്നത്</u>**

കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് നിലവിൽ പരിരക്ഷ 2 ലക്ഷം രൂപയാണ്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിലവിലെ പരിധിയായ 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി നൽകുന്നതിന് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(7) <u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>**

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന മരണാനന്തര ധനസഹായം പരമാവധി 3 ലക്ഷം രൂപയായും ചികിത്സാ ധനസഹായം പരമാവധി 1.25 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

**(8) <u>സഹകരണ എക്സ്പോ</u>**

സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 മുതൽ എല്ലാവർഷവും എക്സ്പോ സംഘടിപ്പിക്കുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ, പ്രമുഖ ഹോസ്റ്റൽ സംഘങ്ങൾ, ഉത്പാദക സഹകരണ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയതലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ ചേർന്ന് വിവിധ വലിപ്പത്തിലുള്ള ആകർഷകമായ സ്റ്റാളുകൾ ഒരുക്കിയാണ് മേള സംഘടിപ്പിക്കുക. പ്രധാന പവലിയനുള്ളിൽ സെമിനാർ ഹാളും പ്രത്യക പ്രോഡക്ട് ലോഞ്ചിംഗ് ഡയസും സജ്ജികരിച്ചിരുന്നു.

**(9) <u>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഓൺലൈൻ സോഫ്റ്റ് വെയർ</u>**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി

പരീക്ഷാ സംവിധാനം പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

**(10) <u>സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS)</u>**

സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതി പ്രകാരം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിയാണ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS). സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കോ, വിരമിച്ച ജീവനക്കാർക്കോ നിലവിൽ ഏകീകൃത മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏറെ പ്രയോജനകരമാകുന്ന പദ്ധതിയാണ്. മുഴുവൻ ജീവനക്കാരെയും വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കുന്നതിനുള്ള ഒരു ഡ്രാഫ്റ്റ് സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(11) <u>സഹകരണ സംഘം ജീവനക്കാർക്ക് മാത്രമായി സേവനചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി</u>**

സഹകരണസംഘം ജീവനക്കാർക്ക് മാത്രമായി സേവനചട്ടങ്ങൾ രൂപീകരിക്കുന്നതിനായി 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി നൽകിയ റിപ്പോർട്ട് പരിഗണിച്ച് അന്തിമ തീരുമാനം ഉടൻ സ്വീകരിക്കും.

**(12) <u>സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി (കോപ്പ്കെയർ)</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭിക്കുന്ന സംവിധാനമാണിത്.

**(13) <u>യുവജന സഹകരണ സംഘങ്ങൾ</u>**

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി 30 യുവജന സഹകരണ സംഘങ്ങൾ രൂപികരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പ്രദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ നൂതന സംരംഭക ആശയങ്ങളാണ് യുവ സഹകരണ സംഘങ്ങളിലൂടെ കൂടുതൽ പരിഗണിക്കപ്പെട്ടിട്ടുള്ളത്.

**(14) <u>പട്ടിക ജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘങ്ങൾ</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു പട്ടികജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് 14 സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിക്കുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ധന സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(15) <u>കലാകാരൻമാരുടെ സഹകരണസംഘം</u>**

കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artists Co-operative Society Limited. No. 4506 (AARTICS) എന്ന പേരിൽ 15.02.2022-ൽ രജിസ്റ്റർ ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സംഘം 25.03.2022-ന് ആദ്യ പൊതുയോഗം കൂടി പ്രൊമോട്ടിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**(16) <u>കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) നൈപുണ്യവികസന പരിശീലനകേന്ദ്രം (SKDC)</u>**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ കിംബ് (KIMB) എന്ന സ്ഥാപനത്തിൽ സഹകരണ ജീവനക്കാരുടെ പരിശീലന പരിപാടികളാണ് നടന്നുവരുന്നത്. കേപ്പിന്റെ 8 ജില്ലകളിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് കോളേജും അവിടുത്തെ സൗകര്യങ്ങളും ജീവനക്കാരേയും ഉപയോഗപ്പെടുത്തി വിവിധ വിജ്ഞാന പരിശീലന പരിപാടികൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കേപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowledge Development Centre) ഉയർത്തി.

**(17) <u>അംഗസമാശ്വാസനിധി</u>**

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22.6.2018 ലെ സ.ഉ.(കൈ) നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. ക്യാൻസർ രോഗികൾ, വൃക്ക രോഗബാധിതർ, കരൾരോഗ ബാധിതർ, പരാലിസിസ്/അപകടത്തിൽ ശയ്യാവലംബരായവർ, ഹൃദയശസ്ത്രക്രിയ നടത്തിയിട്ടുള്ളവർ, എച്ച് ഐ വി ബാധിതർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പകൾക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്ക് സഹായം നൽകുന്നു.

**18) <u>സ്നേഹതീരം</u>**

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും, മത്സ്യവിപണന തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പപദ്ധതിയാണ് സ്നേഹതീരം വായ്പപദ്ധതി". വിശദമായ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(19) <u>സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)</u>**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMISലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**(20) സഹകാരി സാന്ത്വനം - (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി പദ്ധതി)**

സംസ്ഥാന തലത്തിലോ, ജില്ലാതലത്തിലോ, സർക്കിൾ തലത്തിലോ സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും വളരെ കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി ധനസഹായം നൽകുന്നതും കൂടാതെ സഹകാരികൾ മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് സഹകാരി സാന്ത്വനം പദ്ധതി.

**(21) E-selling Mobile Application & Web Application Software**

"ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" പദ്ധതിയുടെ ***E-selling Mobile Application & Web Application Software*** തയ്യാറാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(22) സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)**

പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി വലുതും ചെറുതുമായ

പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കിയും, അതോടൊപ്പം കാർഷിക അനുബന്ധപ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ച സംയോജിത കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയും അതിനെ പിന്തുടർന്നുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 14 ജില്ലകളിലും ഘട്ടം ഘട്ടമായി പദ്ധതി പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്.

**(23) <u>സഹകരണ ആഡിറ്റ്</u>**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ 16.08.2022 ലെ സ.ഉ. (അച്ചടി) നം. 144/2022/സഹ നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16.08.2022 ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഇൻസ്പെക്ഷൻ രീതി പുനർക്രമീകരിച്ച് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതാണ്.

**<u>സുസ്ഥിര വികസന പദ്ധതികൾ</u>**

**(1) <u>സ്നേഹതീരം പദ്ധതി</u>**

കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും, മത്സ്യവ്യാപാരികളെയും ബ്ലെയ്ഡ് മാഫിയകളിൽ നിന്നും രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കുന്ന സ്നേഹതീരം പദ്ധതി അടുത്ത വർഷം ആരംഭിക്കുന്നതാണ്.

**(2) <u>സഹായഹസ്തം പദ്ധതി</u>**

ചെറുകിടവഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവരെ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരെ ഉദ്ധരിക്കുന്നതിന് ലക്ഷ്യമിട്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**(3) <u>നൈപുണ്യ വായ്പാ പദ്ധതി</u>**

വിവിധ നൈപുണ്യ കോഴ്സുകളിൽ ചേരുന്നവർക്ക് കോഴ്സ് ഫീസ്, വായ്പയായി അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ യുവാക്കളെ സഹകരണ പ്രസ്ഥാനങ്ങളിലേക്കടുപ്പിക്കുന്നതിന് വഴിയൊരുക്കുന്നതും ഭാവിയിൽ സഹകരണ സ്ഥാപനങ്ങളുടെ ഉപഭോക്താവായി മാറ്റുന്നതുമാണ്.

**(4) <u>സൗരജ്യോതി പദ്ധതി</u>**

വീടുകളിൽ സോളാർ സൗരോർജ ഉൽപ്പാദനയൂണിറ്റ് സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ നൽകുന്ന പദ്ധതിയാണിത്.

**(5) <u>ശുചിത്വ സഹകരണ പദ്ധതി</u>**

ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണം സംസ്ഥാനം നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സഹകരണ മേഖലയ്ക്ക് ഈ സംരംഭത്തിൽ ഫലപ്രദമായി ഇടപെടുവാൻ കഴിയുന്നതാണ്. കോട്ടയം ജില്ലയിലെ 'ഇ-നാട് യുവ സഹകരണ സംഘം' ഈ പദ്ധതി ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ മാതൃക സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**(6) <u>വനിതാ സഹകരണ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളാക്കുന്ന പദ്ധതി</u>**

സംസ്ഥാനത്ത് 951 വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ വനിതാ സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള ബൃഹത്പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. വ്യവസായ യൂണിറ്റുകൾക്ക് വ്യവസായ വകുപ്പ് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതാണ്.

**(7) <u>സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സംഘങ്ങളിലൂടെ തൊഴിൽ അധിഷ്ഠിത സൂക്ഷ്മ ചെറുകിട പദ്ധതികൾക്കായി വായ്പ അനുവദിച്ചുകൊണ്ട് ഏകദേശം 80,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന 'ഒരു വർഷം ഒരു ലക്ഷം സംരംഭകർ' എന്ന പദ്ധതി ഇതിനകം ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിക്കൊണ്ട് കൂടുതൽ സൂക്ഷ്മ ചെറുകിട വായ്പകൾ അനുവദിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. കൂടാതെ, സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ഉല്പാദന യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

**(8) <u>പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ മേഖല</u>**

പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും വിപുലീകരണവും ലക്ഷ്യമിട്ട് 'പുനർജ്ജനി പദ്ധതി' അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് പട്ടികജാതി- പട്ടികവർഗ്ഗ ഫെഡറേഷനും, സംഘങ്ങളും നടപടി സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അംഗീകരിച്ച 'റിവോൾവിംഗ് ഫണ്ട് പദ്ധതി' ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

**(1) <u>പുനർജ്ജനി പദ്ധതി</u>** - സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തന ക്ഷമമായ എല്ലാ പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. പുനർജ്ജനി പദ്ധതിയ്ക്ക് സർക്കാർ 10/02/2022 ലെ സ.ഉ. (സാധാ) നം. 68/2022/സഹ. പ്രകാരം തത്വത്തിൽ അനുമതി നല്കി. തുടർന്ന് പദ്ധതിയുടെ ധനസഹായ ചട്ടങ്ങൾക്ക് 04/05/2022 ലെ സ.ഉ. (സാധാ) നം. 306/2022/സഹ. പ്രകാരം അംഗീകാരം നല്കി.

**(9) <u>സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ</u>**

സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വ്യവസായ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന്

അനുകൂലമായ സമീപനം സ്വീകരിക്കാവുന്നതാണെന്ന് വ്യവസായ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം രൂപീകരിച്ച് ഇത്തരം പദ്ധതി അടുത്ത വർഷം നടപ്പാക്കുന്നതാണ്.

**<u>2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ പദ്ധതികൾ</u>**

**(1) സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം**

ഉൽപ്പന്നങ്ങളുടെ പ്രത്യകിച്ച് സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണസ്ഥാപനങ്ങൾക്കും സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി നടത്തിപ്പിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>ടീം ആഡിറ്റ്</u>**

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ 16/08/2022-ലെ സ.ഉ (അച്ചടി) നം. 144/2022/സഹ നം ഉത്തരവ് പ്രകാരം പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022-ന് പത്തനംതിട്ട ജില്ലയിലും 03/12/2022 ന് തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് 06.05.2023ന് സ.ഉ. (അച്ചടി) നം.114/2023/Co-op നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടീം ആഡിറ്റ് സംവിധാനം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുള്ളതുമാണ്.

**<u>Co-operative Audit Monitoring & Information System (CAMIS)</u>**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I C D M S പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും (CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺ ലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) ന്റെ ഉദ്ഘാടനം 2021 നവംബർ മാസം 20-ാം തീയതി കോഴിക്കോട് വച്ച് സഹകരണം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി നിർവഹിച്ചു.<br><br>**സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനം**<br><br>സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി. |
| (ബി) | ഇതുസംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണമേഖലയുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**(1) സമഗ്ര സഹകരണ നിയമ പരിഷ്കരണം**<br><br>സഹകരണ മേഖലയുടെ വികാസ പരിണാമം കണക്കിലെടുത്ത് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക, സംഘങ്ങളുടെ നിക്ഷേപം ഫലപ്രദമായി വിനിയോഗിച്ച് സഹകരണ മേഖലയുടെയും സംസ്ഥാനത്തിന്റെയും സുസ്ഥിര വികസനം ഉറപ്പു വരുത്തുക, ആഡിറ്റ് നവീകരിക്കുക, സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടു വരിക, ദുർബലമായ സംഘങ്ങളെ ശാസ്ത്രീയമായ രീതിയിൽ നവീകരിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള സമഗ്ര സഹകരണ നിയമ ഭേദഗതി തയ്യാറാക്കി.<br><br>**(2) കേരള സഹകരണ സംഘം (നിക്ഷേപ പ്രോത്സാഹന) പുനരുദ്ധാരണ നിധി പദ്ധതി**<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, സംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുക, പ്രതിസന്ധിയിലാകുന്ന |

സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുക എന്നീ ലക്ഷ്യം നേടുന്നതിനാണ് പദ്ധതി. സഹകരണ സംഘങ്ങളുടെ ലാഭ വിഹിതത്തിൽ നിന്ന് റിസർവ്വ് ഫണ്ട്, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് എന്നിവയിൽ നിന്നും സഹായമായി അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് നിധി രൂപീകരിക്കുക.

**(3) <u>കേരള ബാങ്കിന്റെ ഐ.ടി ഇന്റഗ്രേഷൻ</u>**

സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിങ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു. ഇൻഫോസിസിന്റെ ബാങ്കിങ് സോഫ്റ്റ്‌വെയറായ "ഫിനക്കിളിന്റെ" ഏറ്റവും ആധുനിക വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്കാണ് കേരള ബാങ്ക്.

കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും RBI License ഉം പുതിയ IFSC CODE ഉം ലഭിച്ച് കഴിഞ്ഞു. പഴയ കോട്ടയം DCB യുടെയും KSEB യുടെയും ശാഖകളെ പുതിയ CBS ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.

പുതിയ ഏകീകൃത സംവിധാനത്തിൽ RTGS/NEFTസൗകര്യങ്ങൾക്ക് ഉപരിയായി UPI, DBT, Aadhaar payment, e-commerce, e-ticketing തുടങ്ങിയ ആധുനിക ബാങ്കിങ് സേവനങ്ങൾ ഗ്രാമീണ മേഖലയിലെ സാധാരണക്കാരിൽ സാധാരണക്കാരായ ഇടപാടുകാർ ഉൾപ്പെടെ എല്ലാ ഇടപാടുകാർക്കും കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതാണ്.

**(4) <u>BDPI Cell</u>**

കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും നിക്ഷേപ വായ്പാ പദ്ധതികളുടെ വൈവിദ്ധ്യവൽകരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി 80 ലക്ഷം രൂപയുടെ നബാർഡ് ധനസഹായത്തോടെ ബിസിനസ്സ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്റ്റ് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനം ആരംഭിച്ചു.

**(5) <u>നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(എ), 74(എഫ്) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ നിലവിൽ കുടിശ്ശികയായ ലോണുകൾ മുതലും പലിശയുടെ 50% അടച്ച് ലോൺ ക്രമീകരിക്കാവുന്നതും ഇതിലൂടെ കുടിശ്ശിക ലോണുകൾ അടച്ച് തീർക്കുന്നത് സഹകാരികൾക്ക് അവസരം കൈവരുന്നു.

**(6) <u>നിക്ഷേപ ഗ്യാരണ്ടി ഫണ്ട് തുക ഉയർത്തുന്നത്</u>**

കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് നിലവിൽ പരിരക്ഷ 2 ലക്ഷം രൂപയാണ്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിലവിലെ പരിധിയായ 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി നൽകുന്നതിന് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(7) <u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>**

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന മരണാനന്തര ധനസഹായം പരമാവധി 3 ലക്ഷം രൂപയായും ചികിത്സാ ധനസഹായം പരമാവധി 1.25 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

**(8) <u>സഹകരണ എക്സ്പോ</u>**

സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 മുതൽ എല്ലാവർഷവും എക്സ്പോ സംഘടിപ്പിക്കുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ, പ്രമുഖ ഹോസ്റ്റൽ സംഘങ്ങൾ, ഉത്പാദക സഹകരണ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയതലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ ചേർന്ന് വിവിധ വലിപ്പത്തിലുള്ള ആകർഷകമായ സ്റ്റാളുകൾ

ഒരുക്കിയാണ് മേള സംഘടിപ്പിക്കുക. പ്രധാന പവലിയനുള്ളിൽ സെമിനാർ ഹാളും പ്രത്യക പ്രോഡക്ട് ലോഞ്ചിംഗ് ഡയസും സജ്ജികരിച്ചിരുന്നു.

**(9) <u>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഓൺലൈൻ സോഫ്റ്റ് വെയർ</u>**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടതൽ സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരീക്ഷാ സംവിധാനം പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു.

**(10) <u>സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS)</u>**

സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതി പ്രകാരം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിയാണ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS). സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കോ, വിരമിച്ച ജീവനക്കാർക്കോ നിലവിൽ ഏകീകൃത മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏറെ പ്രയോജനകരമാകുന്ന പദ്ധതിയാണ്. മുഴുവൻ ജീവനക്കാരെയും വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കുന്നതിനുള്ള ഒരു ഡ്രാഫ്റ്റ് സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(11) <u>സഹകരണ സംഘം ജീവനക്കാർക്ക് മാത്രമായി സേവനചട്ടങ്ങൾ രൂപീകരിയ്ക്കുന്നതിനുള്ള നടപടി</u>**

സഹകരണസംഘം ജീവനക്കാർക്ക് മാത്രമായി സേവനചട്ടങ്ങൾ രൂപീകരിയ്ക്കുന്നതിനായി 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി നൽകിയ റിപ്പോർട്ട് പരിഗണിച്ച് അന്തിമ തീരുമാനം ഉടൻ സ്വീകരിക്കും.

**(12) <u>സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി (കോപ്പ്കെയർ)</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന

പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭിക്കുന്ന സംവിധാനമാണിത്.

**(13) <u>യുവജന സഹകരണ സംഘങ്ങൾ</u>**

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി 30 യുവജന സഹകരണ സംഘങ്ങൾ രൂപികരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പ്രദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ നൂതന സംരംഭക ആശയങ്ങളാണ് യുവ സഹകരണ സംഘങ്ങളിലൂടെ കൂടുതൽ പരിഗണിക്കപ്പെട്ടിട്ടുള്ളത്.

**(14) <u>പട്ടിക ജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘങ്ങൾ</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു പട്ടികജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് 14 സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിക്കുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ധന സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(15) <u>കലാകാരൻമാരുടെ സഹകരണസംഘം</u>**

കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artists Co-operative Society Limited. No. 4506 (AARTICS) എന്ന പേരിൽ 15.02.2022-ൽ രജിസ്റ്റർ ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സംഘം 25.03.2022-ന് ആദ്യ പൊതുയോഗം കൂടി പ്രൊമോട്ടിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**(16) <u>കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) നൈപുണ്യവികസന പരിശീലനകേന്ദ്രം (SKDC)</u>**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ കിംബ് (KIMB) എന്ന സ്ഥാപനത്തിൽ സഹകരണ ജീവനക്കാരുടെ പരിശീലന പരിപാടികളാണ് നടന്നുവരുന്നത്. കേപ്പിന്റെ 8 ജില്ലകളിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് കോളേജും അവിടുത്തെ സൗകര്യങ്ങളും ജീവനക്കാരേയും ഉപയോഗപ്പെടുത്തി വിവിധ വിജ്ഞാന പരിശീലന പരിപാടികൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കേപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowledge Development Centre) ഉയർത്തി.

**(17) <u>അംഗസമാശ്വാസനിധി</u>**

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22.6.2018 ലെ സ.ഉ.(കൈ) നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. ക്യാൻസർ രോഗികൾ, വൃക്ക രോഗബാധിതർ, കരൾരോഗ ബാധിതർ, പരാലിസിസ്/അപകടത്തിൽ ശയ്യാവലംബരായവർ, ഹൃദയശസ്ത്രക്രിയ നടത്തിയിട്ടുള്ളവർ, എച്ച് ഐ വി ബാധിതർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പകൾക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്ക് സഹായം നൽകുന്നു.

**18) <u>സ്നേഹതീരം</u>**

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും, മത്സ്യവിപണന തൊഴിലാളികളും തങ്ങളുടെ

തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പപദ്ധതിയാണ് സ്നേഹതീരം വായ്പപദ്ധതി". വിശദമായ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(19) <u>സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)</u>**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMISലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**(20) <u>സഹകാരി സാന്ത്വനം - (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി പദ്ധതി)</u>**

സംസ്ഥാന തലത്തിലോ, ജില്ലാതലത്തിലോ, സർക്കിൾ തലത്തിലോ സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും വളരെ കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി ധനസഹായം നൽകുന്നതും കൂടാതെ സഹകാരികൾ മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് സഹകാരി സാന്ത്വനം പദ്ധതി.

**(21) <u>E-selling Mobile Application & Web Application Software</u>**

"ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" പദ്ധതിയുടെ ***E-selling Mobile Application & Web Application Software*** തയ്യാറാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(22) <u>സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)</u>**

പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കിയും, അതോടൊപ്പം കാർഷിക അനുബന്ധപ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ച സംയോജിത കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയും അതിനെ പിന്തുടർന്നുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 14 ജില്ലകളിലും ഘട്ടം ഘട്ടമായി പദ്ധതി പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്.

**(23) <u>സഹകരണ ആഡിറ്റ്</u>**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ 16.08.2022 ലെ സ.ഉ.(അച്ചടി) നം. 144/2022/സഹ നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16.08.2022 ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഇൻസ്പെക്ഷൻ രീതി പുനർക്രമീകരിച്ച് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതാണ്.

**സുസ്ഥിര വികസന പദ്ധതികൾ**

**(1) സ്നേഹതീരം പദ്ധതി**

കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും, മത്സ്യവ്യാപാരികളെയും ബ്ലെയ്ഡ് മാഫിയകളിൽ നിന്നും രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കുന്ന സ്നേഹതീരം പദ്ധതി അടുത്ത വർഷം ആരംഭിക്കുന്നതാണ്.

**(2) സഹായഹസ്തം പദ്ധതി**

ചെറുകിടവഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവരെ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരെ ഉദ്ധരിക്കുന്നതിന് ലക്ഷ്യമിട്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**(3) നൈപുണ്യ വായ്പാ പദ്ധതി**

വിവിധ നൈപുണ്യ കോഴ്സുകളിൽ ചേരുന്നവർക്ക് കോഴ്സ് ഫീസ്, വായ്പയായി അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ യുവാക്കളെ സഹകരണ പ്രസ്ഥാനങ്ങളിലേക്കടുപ്പിക്കുന്നതിന് വഴിയൊരുക്കുന്നതും ഭാവിയിൽ സഹകരണ സ്ഥാപനങ്ങളുടെ ഉപഭോക്താവായി മാറ്റുന്നതുമാണ്.

**(4) സൗരജ്യോതി പദ്ധതി**

വീടുകളിൽ സോളാർ സൗരോർജ ഉൽപ്പാദനയൂണിറ്റ് സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ നൽകുന്ന പദ്ധതിയാണിത്.

**(5) ശുചിത്വ സഹകരണ പദ്ധതി**

ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണം സംസ്ഥാനം നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സഹകരണ മേഖലയ്ക്ക് ഈ സംരംഭത്തിൽ ഫലപ്രദമായി ഇടപെടുവാൻ കഴിയുന്നതാണ്. കോട്ടയം ജില്ലയിലെ 'ഇ-നാട് യുവ സഹകരണ സംഘം' ഈ പദ്ധതി ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ മാതൃക സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**(6) വനിതാ സഹകരണ സംഘങ്ങളെ ഉല്പാദന യുണിറ്റുകളാക്കുന്ന പദ്ധതി**

സംസ്ഥാനത്ത് 951 വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ വനിതാ

സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള ബൃഹത്പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. വ്യവസായ യൂണിറ്റുകൾക്ക് വ്യവസായ വകുപ്പ് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതാണ്.

**(7) <u>സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സംഘങ്ങളിലൂടെ തൊഴിൽ അധിഷ്ഠിത സൂക്ഷ്മ ചെറുകിട പദ്ധതികൾക്കായി വായ്പ അനുവദിച്ചുകൊണ്ട് ഏകദേശം 80,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന 'ഒരു വർഷം ഒരു ലക്ഷം സംരംഭകർ' എന്ന പദ്ധതി ഇതിനകം ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിക്കൊണ്ട് കൂടുതൽ സൂക്ഷ്മ ചെറുകിട വായ്പകൾ അനുവദിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. കൂടാതെ, സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ഉല്പാദന യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

**(8) <u>പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ മേഖല</u>**

പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും വിപുലീകരണവും ലക്ഷ്യമിട്ട് 'പുനർജ്ജനി പദ്ധതി' അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് പട്ടികജാതി- പട്ടികവർഗ്ഗ ഫെഡറേഷനും, സംഘങ്ങളും നടപടി സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അംഗീകരിച്ച 'റിവോൾവിംഗ് ഫണ്ട് പദ്ധതി' ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

**(1) <u>പുനർജ്ജനി പദ്ധതി</u>** - സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തന ക്ഷമമായ എല്ലാ പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. പുനർജ്ജനി പദ്ധതിയ്ക്ക് സർക്കാർ 10/02/2022 ലെ സ.ഉ. (സാധാ) നം. 68/2022/സഹ. പ്രകാരം

തത്വത്തിൽ അനുമതി നല്കി. തുടർന്ന് പദ്ധതിയുടെ ധനസഹായ ചട്ടങ്ങൾക്ക് 04/05/2022 ലെ സ.ഉ. (സാധാ) നം. 306/2022/സഹ. പ്രകാരം അംഗീകാരം നല്കി.

**(9) <u>സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ</u>**

സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വ്യവസായ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുകൂലമായ സമീപനം സ്വീകരിക്കാവുന്നതാണെന്ന് വ്യവസായ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം രൂപീകരിച്ച് ഇത്തരം പദ്ധതി അടുത്ത വർഷം നടപ്പാക്കുന്നതാണ്.

**<u>2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ പദ്ധതികൾ</u>**

**(1) സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം**

ഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണസ്ഥാപനങ്ങൾക്കും
സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി നടത്തിപ്പിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**<u>ടീം ആഡിറ്റ്</u>**

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ 16/08/2022-ലെ സ.ഉ (അച്ചടി) നം. 144/2022/സഹ നം ഉത്തരവ് പ്രകാരം പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022-ന് പത്തനംതിട്ട ജില്ലയിലും 03/12/2022 ന് തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് 06.05.2023ന് സ.ഉ. (അച്ചടി) നം.114/2023/Co-op നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടീം ആഡിറ്റ് സംവിധാനം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുള്ളതുമാണ്.

| | | | |
|---|---|---|---|
| | | | **<u>Co-operative Audit Monitoring & Information System (CAMIS)</u>**<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I C D M S പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും (CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺ ലൈനായി **<u>www.camis.kerala.gov.in</u>** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) ന്റെ ഉദ്ഘാടനം 2021 നവംബർ മാസം 20-ാം തീയതി കോഴിക്കോട് വച്ച് സഹകരണം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി നിർവഹിച്ചു.<br><br>**<u>സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനം</u>**<br><br>സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി. |
| (സി) | സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെയും 76 പ്രാഥമിക സഹകരണ കാർഷിക ഗ്രമ വികസന ബാങ്കുകളുടേയും പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു. ടി സമിതി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരമുള്ള തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ